എൻ. ആർ. ഇ. പി. വർക്കുകൾക്ക് പി. ഡബ്ല്യു. ഡി. റേറ്റനുസരിച്ചുള്ള എസ്റ്റിമേറ്റ്

898 [1654] ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീമതി കെ. ആർ. സരസ്വതി അമ്മ:
,, എം. കമലം: താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്ലോക്കുകൾ മുഖാന്തിരം നടത്തുന്ന എൻ. ആർ. ഇ. പി. വർക്കുകൾക്ക് പി. ഡബ്ല്യു. ഡി. റേറ്റനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

പെരുംകടവിള പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

899 [1655] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുംകടവിള ബ്ലോക്കിൽപ്പെടുന്ന പെരുംകടവിള പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ട്;

(ബി) ആ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ വകുപ്പിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയോഗം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അദ്ധ്യക്ഷതയിൽകൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) ഭൂമിശാസ്ത്രപരമായ കാരണങ്ങൾകൊണ്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും ഒന്നായി ഒരു പദ്ധതി നടപ്പിലാക്കാൻ പ്രയാസമുള്ള പെരുമ്പഴതൂർ പഞ്ചായത്തിന്റെ മരുതൂർ വാർഡുകളിലേക്ക് പെരുംകടവിള ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ജലം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പെരുംകടവിള പഞ്ചായത്തിലെ മാരായമുട്ടം ശുദ്ധജല വിതരണ പദ്ധതിയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ജലവിതരണക്കുഴലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ടാങ്കുകെട്ടുന്നതിനും കിണർ കുഴിക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

(ബി) സ്വീകരിച്ചുവരുന്നു.

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ പലപ്രാവശ്യം നേരിട്ട് പഞ്ചായത്തധികൃതരുമായി ബന്ധപ്പെട്ടിട്ടും ഇതേവരെ സ്ഥലം ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly